നാഷണൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വികലാംഗ കമ്മീഷണർ/സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉപാദ്ധ്യക്ഷനായും നാഷണൽ ട്രസ്റ്റിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററിന്റെ സംസ്ഥാന കോർഡിനേറ്റർ മെമ്പറായും ഉൾപ്പെടുത്തി സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി (SLCC) രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി LLC കൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ SNAC മുഖേന സ്വീകരിച്ചുവരുന്നു.

SNAC യുടെയും LLC യുടെയും പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷം SNAC-ക്കും LLC കൾക്കുമായി 43,80,436 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) Legal guardianship നൽകുന്നതിനുള്ള അധികാരം LLC-കൾക്കാണ്. ഇത്തരത്തിൽ ലീഗൽ ഗാർഡിയനെ നിയമിച്ചിട്ടുള്ള വികലാംഗരുടെ സ്ഥാവര ജംഗമ വസ്തുക്കളിന്മേൽ കൈമാറ്റം നടത്തുന്നതിനുമുമ്പായി സബ് രജിസ്ട്രാർ/വില്ലേജ് ഓഫീസർ LLC-കളിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇതിന് വിരുദ്ധമായി നടപ്പിലാക്കുന്ന ഉടമ്പടികൾ 1999-ലെ നാഷണൽ ട്രസ്റ്റ് ആക്ടിന് വിരുദ്ധമാണ്.

LLC-കൾ മുഖാന്തിരം നിയമിക്കപ്പെട്ട ലീഗൽ ഗാർഡിയൻ ആണ് പ്രസ്തുത വികലാംഗന് വേണ്ടി എല്ലാ ഔദ്യോഗിക കൈമാറ്റങ്ങളും നടത്തേണ്ടത്. ഓരോ 6 മാസവും ലീഗൽ ഗാർഡിയൻ പ്രസ്തുത വികലാംഗനായ വ്യക്തിയുടെ ആസ്തി സംബന്ധിച്ച returns സമർപ്പിക്കുവാൻ ബാധ്യസ്ഥനാണ്.

വിഭിന്നശേഷിയുള്ളവർക്ക് ലഭിക്കുന്ന സേവനങ്ങൾ

226 (7525) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി എന്തെല്ലാം സേവനങ്ങളാണ് ഇപ്പോൾ ലഭ്യമാക്കുന്നത് ;

(ബി) ഇത് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ സ്ഥാപനങ്ങളിൽ വിഭിന്നശേഷിയുള്ളവർക്കായി നിരവധി സേവനങ്ങളാണ് സർക്കാർ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. സർക്കാർ സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന അംഗപരിമിതർക്ക് പ്രവേശിക്കുന്നതിനായി പ്രത്യേക റാമ്പുകൾ നിർമ്മിച്ചുവരുന്നുണ്ട്. ലിഫ്റ്റ് സൗകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്ത പക്ഷം ടി സ്ഥാപനങ്ങൾ ഏറ്റവും താഴത്തെ നിലകളിൽ പ്രവർത്തനം സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കായി എത്തുന്ന സ്ഥലങ്ങളിൽ (ഹോസ്പിറ്റലുകൾ, വൈദ്യുതി ഓഫീസ് etc) തുടങ്ങിയ സ്ഥലങ്ങളിൽ വികലാംഗരായ വ്യക്തികൾക്ക് പരിഗണന ലഭിക്കുന്നതിനായി പ്രത്യേക ക്യൂ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. അംഗപരിമിതരായ വ്യക്തികളുടെ വിവിധ ആവശ്യങ്ങൾക്കായി ഏകീകൃത തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നുണ്ട്. PWD Act, 1995 അനുസരിച്ച് (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും, പൂർണ്ണ പങ്കാളിത്തവും) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 16-8-1999 മുതൽ 31-12-2003 വരെ ജോലി നോക്കിയിട്ടുള്ള 2677 വികലാംഗരെ സൂപ്പർ ന്യൂമററി തസ്തിക മുഖേന സ്ഥിരനിയമനം നൽകിവരുന്നുണ്ട്. വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ കാലതാമസമില്ലാതെ ലഭിക്കുന്നതിനായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് പ്രത്യേക മെഡിക്കൽ ലീവുകളും യാത്രാ ബത്തകളും നൽകുന്നുണ്ട്. ശയ്യാവലംബരായ വ്യക്തികളെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം ധനസഹായം നൽകിവരുന്നു. വികലാംഗരായവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒട്ടുമിക്ക സ്ഥാപനങ്ങളിലും വികലാംഗ സൗഹൃദ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) ഓരോ വിഷയങ്ങളിലും കാലാനുസൃതമായി മാറ്റങ്ങൾ സർക്കാർ വരുത്തുന്നുണ്ട്.

റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച്

227 (7526) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly